Madhyamam 1-10-18, P-3

# കോടാലി പാടത്ത് കണ്ണീർക്കൊയ്ത്ത്

● കൊയ്ത്ത് യന്ത്രത്തിൻെറ വാടക കൊടുക്കാനുള്ളതു പോലും വിളവെടുപ്പിൽ നിന്ന് ലഭിക്കില്ലെന്ന അവസ്ഥയാണ്

**കോടാലി:** മറ്റത്തൂരിൻെറ നെല്ലറയായ കോടാലി പാടശേഖരത്ത് ഇത്തവണ കന്നിക്കൊയ്ത്ത് കണ്ണീർക്കൊയ്ത്താകും. പ്രളയത്തിൽ ദിവസങ്ങളോളം മുങ്ങി കിടന്ന നെൽച്ചെടികളിൽ വിളഞ്ഞതത്രയും പതിരായതിൻെറ വേദനയിലാണ് കർഷകർ. 70 ഹെക്ടറോളം വിസ്തൃതിയുള്ളതാണ് കോടാലി പാടശേഖരം.

എല്ലാ വർഷവും വിരിപ്പ് കൃഷി മുടങ്ങാതെ ചെയ്യുന്ന ഇവിടത്തെ കർഷകർ വൻപ്രതീക്ഷയോടെയാണ് ഇത്തവണയും കൃഷിയിറക്കിയത്.

ജ്യോതി വിത്താണ് വിരിപ്പ് കൃഷിക്കുപയോഗിച്ചത്. നെൽച്ചെടികളിൽ കതിരുവരാൻ തുടങ്ങിയ സമയത്താണ് പ്രളയം എത്തിയത്.

രണ്ടാഴ്ചയോളം കോടാലിപാടം വെള്ളത്തിനടിയിലായി. പാടശേഖരത്തിന് അതിരിട്ടൊഴുകുന്ന വെള്ളിക്കുളം വലിയതോട് കവിഞ്ഞൊഴുകിയ വെള്ളത്തിൽ ദിവസങ്ങളോളം മുങ്ങികിടന്ന നെൽച്ചെടികൾ വെള്ളമിറങ്ങിയതോടെ തലഉയർത്താൻ തുടങ്ങിയത് കർഷരിൽ പ്രതീക്ഷ ഉളവാക്കി.

എന്നാൽ, വിളഞ്ഞ കതിരുകളിൽ പകുതിയിലേറെയും പതിരാണെന്നു കണ്ട കർഷക മനസ്സുകളിൽ ഇപ്പോൾ നിരാശയുടെ കണ്ണീർപെയ്ത്തുമാത്രമാണുള്ളത്.

കൊയ്തെടുത്താൽ ഒന്നും കിട്ടാനില്ലെങ്കിലും വിതച്ചത് കൊയ്യുക എന്ന കർഷക ധർമം നിറവേറ്റുന്നതിന് മാത്രം കൊയ്ത്തു നടത്താനുള്ള തയ്യാറെടുപ്പിലാണ് കർഷകർ.

കൊയ്ത്ത് യന്ത്രത്തിൻെറ വാടക കൊടുക്കാനുള്ളതു പോലും വിളവെടുപ്പിൽ നിന്ന് ലഭിക്കില്ലെന്ന അവസ്ഥയാണ്.

ദിവസങ്ങളോളം വെള്ളത്തിൽ മുങ്ങി കിടന്നതിനാൽ വൈക്കോലും ഉപയോഗിക്കാനാകില്ലെന്ന് കർഷകർ പറയുന്നു.

എന്നിട്ടും രണ്ടാം വിള മികച്ച വിളവ് നൽകുമെന്ന പ്രതീക്ഷയിൽ മുണ്ടകൻ കൃഷിക്കൊരുങ്ങുകയാണ് കോടാലി പാടത്തെ കർഷകർ.